(സി) പദ്ധതികൾ ഫലപ്രാപ്തിയിലെത്തുന്നത് ഓരോ സംരംഭത്തിന്റേയും പ്രത്യേകതയും സംരംഭകരുടെ കഴിവുമനുസരിച്ചായിരിക്കും എന്നതിനാൽ കൃത്യമായി പറയാനാകില്ല.

(ഡി) സർക്കാരിന്റെ വ്യവസായ നയമനുസരിച്ചുള്ള എല്ലാവിധ ആനുകൂല്യങ്ങളും നൽകുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വി.ആർ.എസ്.

20 (*260) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വി.ആർ.എസ്. നൽകുവാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയനുസരിച്ച് പൊതുമേഖലാ സ്ഥാപനത്തിലെ ജീവനക്കാർക്ക് വി.ആർ.എസ്. ആനുകൂല്യം നേടി പുറത്തു പോകുവാനുള്ള അവകാശം ലഭിക്കുമോ ;

(സി) വി.ആർ.എസ്. ആനുകൂല്യം ആവശ്യപ്പെട്ട പൊതുമേഖലയിലെ എത്ര ജീവനക്കാർക്ക് ഇനിയും വി.ആർ.എസ്. ആനുകൂല്യം കൊടുക്കുവാൻ ബാക്കിയുണ്ട് എന്ന് വെളിപ്പെടുത്താമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ചു റിപ്പോർട്ടു സമർപ്പിക്കാൻ നിയോഗിക്കപ്പെട്ട എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സമർപ്പിക്കുന്ന പുനരുദ്ധാരണ നിർദ്ദേശങ്ങൾ പഠിച്ച ശേഷം ആവശ്യമെങ്കിൽ അധികമുള്ള ജീവനക്കാർക്ക് വി. ആർ. എസ്. നടപ്പിലാക്കുന്നതാണ്.

(സി) തിരുവനന്തപുരം സ്പിന്നിംഗ് മില്ലിൽ 238 ജീവനക്കാരും കേരളാ സോപ്സ് ആന്റ് ഓയിൽസിൽ 226 ജീവനക്കാരും കെൽട്രോൺ കൗണ്ടേഴ്സിൽ 138 ജീവനക്കാരും ആട്ടോകാസ്റ്റിൽ 100 ജീവനക്കാരും അസ്ട്രാൾ വാച്ചസിൽ 77 ജീവനക്കാരുമാണ് വി.ആർ.എസിന് അപേക്ഷിച്ചിരിക്കുന്നത്. ഇതിലേക്കായി തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന് ആവശ്യമായ 396.47 ലക്ഷം രൂപയിൽ 300 ലക്ഷം രൂപ ഇതിനോടകം അനുവദിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോൺ കൗണ്ടേഴ്സിന് 686.75 ലക്ഷം രൂപയും കേരളാ സോപ്സ് ആന്റ് ഓയിൽസിന് 567 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളുടെ പ്രൊപ്പോസൽ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly